# നീലത്താമരയിതളിൽ



നീലത്താമരയിതളിൽക്കണ്ടു
കാലത്തൊരു കണ്ണീർമണിമുത്തെൻ

മാറത്തെന്നോ വീണു മയങ്ങി–
യുറങ്ങിയൊരേതോ മോഹം പോലെ

ആടിക്കറുകളുള്ളിലൊതുക്കിയ
കിന്നര കാമുക ദുഃഖം പോലെ.

മാനത്തേതോ മായാലോക
മനോഹര മാധുരി മാതിരി
മിന്നിയ മഴവിൽക്കൊടിയിൽ

താഴത്തീ മരുഭൂമികളെന്നും
ധ്യാനം ചെയ്യും വിജനതയിങ്കൽ

ഏതോ നിത്യാസ്വാസ്ഥ്യത്തിന്നല–
മാലകളുയരും കടലിൻ കരളിൽ

കണ്ടു ഞാനീക്കണ്ണീർത്തുള്ളി–
ക്കുള്ളിലൊതുങ്ങിയ മൂകവിഷാദം

കൂമ്പിയ താമരമൊട്ടിന്നുള്ളിൽ
കൂടുകൾ കെട്ടിയൊരെന്റെ വിഷാദം.■